എം.എസ്.സി. (നഴ്സിംഗ്) പരീക്ഷയിലെ അപാകതകൾ

142 (2084) ശ്രീ. എ. കെ. മണി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നഴ്സിംഗ് കോളേജുകളിലെ എം.എസ്.സി. (നേഴ്സിംഗ്) പരീക്ഷയുടെ ഓരോ തിയറി പേപ്പറും എത്രപേരെകൊണ്ട് മൂല്യനിർണ്ണയം ചെയ്യിക്കാറുണ്ട് ;

(ബി) ആദ്യത്തേയാൾ മൂല്യനിർണ്ണയം ചെയ്യുന്ന പേപ്പർ രണ്ടാമത്തെയാൾ മൂല്യനിർണ്ണയം ചെയ്യുമ്പോൾ മാർക്കുകൾ തമ്മിൽ പത്തു ശതമാനത്തിലധികം വ്യത്യാസമുള്ളപക്ഷം ആ പേപ്പറുകൾ മൂന്നാമതൊരാളിനെക്കൊണ്ട് മൂല്യനിർണ്ണയം ചെയ്യിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(സി) 2003 ഫെബ്രുവരി മാസത്തിൽ കേരള സർവ്വകലാശാല നടത്തിയ എം.എസ്.സി. (നഴ്സിംഗ്) ആദ്യ സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവരിൽ എത്ര പേർ പരാജയപ്പെട്ടു ;

(ഡി) പരാജയപ്പെട്ടവർ ഏതെല്ലാം പേപ്പറിനാണ് പരാജയപ്പെട്ടത് ;

(ഇ) അവരുടെ പ്രസ്തുത പേപ്പറുകൾ എത്ര പേർ മൂല്യനിർണ്ണയം ചെയ്തു ;

(എഫ്) പരാജയപ്പെട്ട പേപ്പറുകളുടെ സ്ക്രൂട്ടിനിയ്ക്ക് അവർ അപേക്ഷിച്ചുവോ ;

(ജി) അവരെ അവരുടെ പേപ്പറുകൾ ഐഡന്റിഫൈ ചെയ്യുവാൻ അനുവദിച്ചുവോ ;

(എച്ച്) അവരുടെ ഉത്തരക്കടലാസിൽ നിന്നും കടലാസു മാറ്റിയിട്ടുണ്ടോ എന്നും മാർക്കു കൂട്ടിയതിൽ തെറ്റുണ്ടോയെന്നും ഐഡന്റിഫൈ ചെയ്യുവാനോ ബോദ്ധ്യപ്പെടുത്തുവാനോ അവരെ അനുവദിച്ചുവോ ;

(ഐ) അവരുടെ ഉത്തരക്കടലാസിൽ നിന്നും കടലാസുകൾ മാറ്റിയിട്ടില്ലെന്നും മാർക്ക് കൂട്ടിയതിൽ തെറ്റില്ലെന്നും അവരെ ബോദ്ധ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് പേരെക്കൊണ്ട് മൂല്യ നിർണ്ണയം ചെയ്യിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടുപേർ.

(ഡി) ആകെയുള്ള രണ്ട് പേപ്പറുകളിൽ രണ്ടാമത്തെ പേപ്പറായ സൈക്കോ സോഷ്യൽ ഫൗണ്ടേഷൻസ് എന്ന പേപ്പറിനാണ് പരാജയപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മൂന്നുപേർ.

(എഫ്) അപേക്ഷിച്ചു.

(ജി) അനുവദിച്ചു.

(എച്ച് & ഐ) ഉത്തരക്കടലാസുകൾ മുഴുവനും അവരെ കാണിച്ചു. മാർക്കുകൾ കൂട്ടിയതിൽ തെറ്റില്ല എന്നും ഉത്തരങ്ങൾക്കെല്ലാം മൂല്യനിർണ്ണയം ചെയ്ത് മാർക്ക് ഇട്ടിട്ടുണ്ട് എന്നും ഉറപ്പ് വരുത്തിയശേഷമാണ് പേപ്പർ ഐഡന്റിഫൈ ചെയ്യാൻ കുട്ടികൾക്ക് മെമ്മോ കൊടുക്കുന്നത്.

ഏതെങ്കിലും പേപ്പർ മാറ്റിയതായി പരാതിയൊന്നും കേരള സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടില്ല. മാർക്കുകൾ കൂട്ടിയതിൽ തെറ്റില്ല എന്നും ഒരു ഉത്തരത്തിന്റെയും മാർക്കു കൂട്ടുമ്പോൾ വിട്ടുപോയിട്ടില്ല എന്നും 9-6-2003-ലെ ഇഇ 3/2000 മെമ്മോ പ്രകാരം കേരള സർവ്വകലാശാലയിൽ നിന്നും വിദ്യാർത്ഥികളെ അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മലയാളം ബിരുദ കോഴ്സ് തുടങ്ങാൻ നടപടി

143 (2085) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മലയാളം ബിരുദ കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഗവൺമെന്റ് കോളേജിൽ പ്രസ്തുത കോഴ്സ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലയിലെ എം.എൽ.എ. മാർ എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സമർപ്പിച്ചിരുന്നു.

(സി) കാസർഗോഡ് ഗവൺമെന്റ് കോളേജിലും, കാഞ്ഞങ്ങാട് നെഹ്റു കോളേജിലും മലയാളം ബിരുദ കോഴ്സ് അനുവദിക്കണമെന്നാവശ്യപ്പെട്ട് വിവിധ എം.എൽ.എ. മാർ. മറ്റു ജന പ്രതിനിധികൾ, സാഹിത്യ-സാംസ്കാരിക നായകർ തുടങ്ങി നിരവധിപേർ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ തൽക്കാലം എയ്ഡഡ് കോഴ്സുകൾ അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. 2003-2004 വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് കണ്ണൂർ സർവ്വകലാശാല സമർപ്പിച്ച ശുപാർശയിൽ കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മലയാളം ബിരുദ കോഴ്സ് ഉൾപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly